അവർക്ക് യാത്ര ചെയ്യാനുള്ള സൗകര്യം കഴിഞ്ഞകൊല്ലത്തെപോലെ കൊടുക്കണം. അതുപോലെ തന്നെ ഒരു ഷെഡ്യൂൾ ക്യാൻസലായിപോലും കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഒരു റൂട്ടിൽ ഒരു ഷെഡ്യൂൾ ക്യാൻസലാകുമ്പോൾ 40 വച്ച് കുറയും. ഇക്കൊല്ലം ഷെഡ്യൂൾ ക്യാൻസലേഷൻ വളരെക്കൂടുതലായതുകൊണ്ട് കുട്ടികൾ പിന്നെയും ബുദ്ധിമുട്ടിലാവുകയാണ്. പ്രത്യേകിച്ച് ഡിഗ്രി ക്ലാസുകളൊക്കെ ഈ ആഴ്ചയിൽ തുടങ്ങുകയാണ്. കോളേജ് വിദ്യാർത്ഥികളെല്ലാം വളരെ വ്യാപകമായിട്ട് എല്ലാ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനേറയും വാതിൽക്കൽ സമരത്തിലാണ്. ഈ പരിതഃസ്ഥിതി പ്രത്യേകമായി കണക്കിലെടുക്കണം.

ഒരു സജഷൻകൂടി എനിക്കുണ്ട്. ഇപ്പോഴതന്നെ നിന്നുതിരിയാൻ സ്ഥലമില്ലാത്ത ബസ് സ്റ്റേഷനുകളിൽ നിന്നാണ് കൺസിഷൻ ടിക്കറ്റ് വിതരണം ചെയ്യുന്നത്. അതുകൊണ്ട് കൺസിഷൻ ടിക്കറ്റ് വിതരണം ചെയ്യാനുള്ള ചുമതല കോളേജുകളേയും സ്കൂളുകളേയും ഏൽപ്പിക്കുക എന്നുള്ള നിർദ്ദേശംകൂടി എനിക്കുണ്ട്. അടിയന്തിരമായി ഈ കാര്യങ്ങളിലൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, കെ. എസ്. ആർ. ടി. സി. നാമമാത്രമായി ബസ് സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ സർവ്വീസ് ഒന്നിന് 40 കൺസിഷൻ ടിക്കറ്റ് മാത്രമേ കോർപ്പറേഷൻ നൽകിവരുന്നുള്ളൂ. ദേശസാൽകൃതമല്ലാത്ത മേഖലകളിലും റൂട്ടുകളിലും ട്രാൻസ്പോർട്ട് ബസുകളോടൊപ്പം സ്വകാര്യ ബസ് ഓടുന്ന റൂട്ടുകളിൽ സർവ്വീസുകളുടെ അനുപാതമനുസരിച്ച് കൺസിഷൻ ടിക്കറ്റിന്റെ എണ്ണവും പരിമിതപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആവശ്യാനുസരണം ബസ് സർവ്വീസ് നടത്തുന്നതിന് സ്വകാര്യ ബസ് ഉടമകൾക്ക് അഡീഷണൽ പെർമിറ്റ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുണ്ട്. സ്വകാര്യ ബസുകളുടെ സമയം വിദ്യാർത്ഥികൾക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. സ്വകാര്യ ബസ് സർവ്വീസ് നടത്തുന്നതിന് നൽകിയിട്ടുള്ള സമയം അനുസരിച്ച പലപ്പോഴും അവർ സർവ്വീസ് നടത്തുന്നില്ല എന്ന പരാതി ലഭിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെവരുന്ന സ്ഥലങ്ങളിൽ കെ. എസ്. ആർ. ടി. സി. ബസുകൾ കൂടുതൽ വിദ്യാർത്ഥികളെ കൊണ്ടുപോകേണ്ടിവരും. ഇതിനെക്കുറിച്ച് അടിയന്തിരമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(6) കോട്ടയത്ത് ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിലെ തൊഴിലാളികൾ നേരിടുന്ന പിരിച്ചുവിടൽ ഭീഷണി

ശ്രീ. കാനം രാജേന്ദ്രൻ: സർ, 750 തൊഴിലാളികൾക്ക് നേരിട്ടും 300-ഓളം തൊഴിലാളികൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ് കോട്ടയം ജില്ലയിലെ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്. ഈ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിലെ 15 MBA കാൽസ്യം കാർബൈഡ് പ്ലാന്റിൽ ഒന്ന് അടച്ചിട്ടുകൊണ്ട് 129 തൊഴിലാളികളെ റിഗ്രസ്റ്റ് 14-ാം തീയതി മുതൽ പിരിച്ചുവിടാനുള്ള തീരുമാനം മാനേജുമെന്റ് എടുക്കുകയും ഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുകയും ചെയ്തിട്ട് രണ്ടുമാസം കഴിഞ്ഞു. 54-ാമത്തെ ദിവസം ഒരു കോൺഫറൻസ് ഗവൺമെന്റ് വിളിച്ചുകൂട്ടി എങ്കിലും ഐ. ഡി. ആക്ടിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം നിരസിച്ചോ അംഗീകരിച്ചോ എന്നുള്ളതിനെ സംബന്ധിച്ച് യൂണിയനുകളെ ഒന്നും അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

റാ മെറിറിയൽസ് ഇല്ല അല്ലെങ്കിൽ മാർക്കറ്റ് ഇല്ല എന്നു ന്യായം പറഞ്ഞ് ഓരോ വർഷവും മൂന്നുമാസത്തോളം ലേ ഓഫും പിരിച്ചുവിടൽ നോട്ടീസ് ഭീഷണിയുമായി കഴിയുകയാണ് ഈ സ്ഥാപനം. ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാരം ഉണ്ടാക്കാനുള്ള നടപടികളും സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച അപേക്ഷ 15-7-1985-ൽ ഗവൺമെൻറ് തള്ളിയിട്ടുണ്ട്.

(7) ശബരിമല വികസനത്തിനാവശ്യമായ വനഭൂമി നൽകുന്നതു സംബന്ധിച്ചു

ശ്രീ. എസ്. രാമചന്ദ്രൻ പിള്ള : സർ, തെക്കെ ഇൻഡ്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ തമിഴ്നാട്, ആന്ധ്രാ പ്രദേശ്, മഹാരാഷ്ട്ര, യു. പി., ബീഹാർ, പശ്ചിമ
10 A. M. ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും അതുപോലെ തന്നെ വിദേശങ്ങളിൽ നിന്നും വളരെയധികം അയ്യപ്പഭക്തൻമാർ 'സ്വാമിയേ ശരണം' 'ധർമ്മശാസ്താവേ ശരണം' എന്നിങ്ങനെ മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് എല്ലാ വർഷവും എത്താറുണ്ട്. വൃശ്ചികമാസം ഒന്നാം തീയതി മുതൽ നമ്മുടെ നാട്ടിൻപുറങ്ങളിൽ കേൾക്കുന്ന മന്ത്രമാണ് ഇത്. അങ്ങനെ ശരണം വിളിച്ച് എത്തുന്ന അയ്യപ്പ ഭക്തൻമാർക്ക് അവരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇന്നു ശബരിമലയിൽ ഇല്ല. കരിമലയും നീലിമലയും കയറിവരുന്ന അയ്യപ്പഭക്തൻമാർക്ക് ശബരിമലയിലെത്തുമ്പോൾ ഒന്നു വിശ്രമിക്കുന്നതിനുള്ള സൗകര്യംപോലും അവിടെയില്ല. കഴിഞ്ഞവർഷം അവിടെ തിരക്കിൽപെട്ടുതന്നെ അഞ്ചിൽപരം ആളുകൾ മരണമടയുകയുണ്ടായി. അതുകൊണ്ട് ദേവസ്വംബോർഡ് 5-12-1981-ൽ ശരംകുത്തി, സന്നിധാനം, മാളികപ്പുറം എന്നിവിടങ്ങളിലായി കേരളാ ഗവൺമെൻറിൻെറ 33 ഏക്കർ ഫോറസ്റ്റ് ലാൻറ് ശബരിമലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊടുക്കണമെന്ന് എഴുതിയിരുന്നു. അതിനു മറുപടി കിട്ടിയില്ല. ഏതാണ്ട് 33 ലക്ഷം അയ്യപ്പഭക്തൻമാരാണ് 1985-ൽ ശബരിമലയിലെത്തി ദർശനം നടത്തി പോയത്. അവിടെയുള്ള സൗകര്യങ്ങൾ പരിമിതമാണ്. കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡ് ചോദിച്ചിരിക്കുന്ന വസ്തു വനം വകുപ്പിൽനിന്നും അനുവദിച്ചുകൊടുക്കുന്നതിന് ഉത്തരവുണ്ടാകണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : 28-9-1978-ൽ അന്നത്തെ ജലസേചനവകുപ്പിൻെറ ചുമതല വഹിച്ചിരുന്ന മന്ത്രി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ശബരിമലയുടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തു. അതിൻെറ ഫലമായി 5-11-1980-ൽ 40 ഏക്കർ സ്ഥലം തിരുവിതാംകൂർ ദേവസ്വം ബോർഡിനു അനുവദിച്ചുകൊണ്ട് സംസ്ഥാനസർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. എന്നാൽ പിന്നീട് വനസംരക്ഷണ നിയമം അതിനു ബാധകമായി വന്ന പ്പോൾ അതിനുവേണ്ടി കേന്ദ്രഗവൺമെൻറിൻെറ അനുവാദം വാങ്ങുന്നതിനുള്ള നടപടികളും എടുത്തിരിക്കുകയാണ്. ആ സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങളും സ്കെച്ചും പ്രസ്തുത സ്ഥലത്തു നിന്നും മുറിച്ച് മാറേണ്ടിവരുന്ന മരങ്ങളുടെ തരംതിരിച്ചുള്ള വിവരങ്ങളും എല്ലാം 14-5-1985-ൽ കേന്ദ്രസർക്കാരിനു അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രത്തിൽനിന്നുള്ള ഉത്തരവനുസരിച്ച് നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly